# മഹാത്മാ ഗാന്ധി സർവ്വകലാശാല

## പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം–686 560

ഫോൺ: 0481 – 2733298, മൊബൈൽ : 9495119702


2019 മേയ് 10

# വാർത്താക്കുറിപ്പ്

---

## അപേക്ഷ തീയതി നീട്ടി

ബി.എഡ്. (2013, 2014 അഡ്മിഷൻ സ്പെഷൽ മേഴ്സിചാൻസ്) പരീക്ഷയ്ക്ക് അപേക്ഷിക്കാനുള്ള തീയതി നീട്ടി. മെയ് 28 വരെ പിഴയില്ലാതെയും 500 രൂപ പിഴയോടെ മെയ് 29 വരെയും 1000 രൂപ സൂപ്പർഫൈനോടെ മെയ് 31 വരെയും അപേക്ഷിക്കാം. പരീക്ഷഫീസിനും സി.വി. ക്യാമ്പ് ഫീസിനും പുറമെ 5000 രൂപ സ്പെഷൽ ഫീസടയ്ക്കണം. 2015 വരെ പ്രവേശനം നേടിയവർക്കും പരീക്ഷയ്ക്ക് അപേക്ഷിക്കാം. അപേക്ഷഫോമും വിശദവിവരവും സർവകലാശാല വെബ്സൈറ്റിൽ ലഭിക്കും.

(പി.ആർ.ഒ./39/841/2019)

## അപേക്ഷ തീയതി

2019 ജൂൺ/ജൂലൈ മാസങ്ങളിൽ നടക്കുന്ന ഓഫ് കാമ്പസ് പി.ജി./യു.ജി. പരീക്ഷകൾക്ക് പിഴയില്ലാതെ മെയ് 25 വരെ അപേക്ഷിക്കാം. 500 രൂപ പിഴയോടെ 27 വരെയും 1000 രൂപ സൂപ്പർഫൈനോടെ മെയ് 29 വരെയും അപേക്ഷിക്കാം. വിശദവിവരം സർവകലാശാല വെബ്സൈറ്റിൽ ലഭിക്കും.

(പി.ആർ.ഒ./39/842/2019)

## ബി.എ./ബി.കോം (പ്രൈവറ്റ്) നോഷണൽ രജിസ്ട്രേഷന് അപേക്ഷ ക്ഷണിച്ചു

ബി.എ./ബി.കോം (പ്രൈവറ്റ് രജിസ്ട്രേഷൻ) 2016 അഡ്മിഷൻ, സി.ബി.സി.എസ്.എസ്. സ്കീം പ്രകാരം 2017ൽ ഒന്നും രണ്ടും സെമസ്റ്ററുകളും 2018ൽ മൂന്നും നാലും സെമസ്റ്ററുകളും പൂർത്തിയാക്കുകയും 2019 മാർച്ച്/ഏപ്രിൽ മാസങ്ങളിൽ നടന്ന അഞ്ചും ആറും സെമസ്റ്റർ പരീക്ഷകൾക്ക് ഫീസടച്ച് രജിസ്റ്റർ ചെയ്യാൻ സാധിക്കാത്തവരുമായ വിദ്യാർഥികൾക്ക് നോഷണൽ രജിസ്ട്രേഷൻ നടത്തി, തങ്ങൾ പഠിച്ച സ്കീമിൽത്തന്നെ കോഴ്സ് പൂർത്തിയാക്കാൻ അവസരം. 3450 രൂപയാണ് ഫീസ്. ജൂൺ 11 വരെ അപേക്ഷിക്കാം. അപേക്ഷാഫോറം 115 ആണ് ഉപയോഗിക്കേണ്ടത്. 2020 മാർച്ച്/ഏപ്രിൽ മാസങ്ങളിൽ നടക്കുന്ന അഞ്ചും ആറും സെമസ്റ്റർ പരീക്ഷയ്ക്കായി റീഅഡ്മിഷൻ നേടുന്നവർ പുതിയ സി.ബി.സി.എസ്. (2017 അഡ്മിഷൻ) സ്കീമിലാണ് പരീക്ഷയെഴുതേണ്ടത്. ഒന്നും രണ്ടും മൂന്നും നാലും സെമസ്റ്ററുകൾ പുതിയ സി.ബി.സി.എസ്. സ്കീമിൽത്തന്നെ പുനഃപരീക്ഷകൾ എഴുതുകയും വേണം. വിശദവിവരത്തിന് ഫോൺ: 0481-2733690 (ബി.എ.), 2733256 (ബി.കോം), 2731020.

(പി.ആർ.ഒ./39/843/2019)

## പരീക്ഷഫലം

2018 ജൂണിൽ നടന്ന രണ്ടാം സെമസ്റ്റർ എം.എ. സോഷ്യോളജി (സി.എസ്.എസ്.) സപ്ലിമെന്ററി പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും മെയ് 23 വരെ അപേക്ഷിക്കാം.

(പി.ആർ.ഒ./39/844/2019)

2018 ഓഗസ്റ്റിൽ സ്കൂൾ ഓഫ് ബിഹേവിയറൽ സയൻസസിൽ നടന്ന രണ്ടാം സെമസ്റ്റർ എം.എസ്‌സി. സൈക്കോളജി (സി.എസ്.എസ്.) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

(പി.ആർ.ഒ./39/845/2019)

2019 ജനുവരിയിൽ സ്കൂൾ ഓഫ് ടൂറിസം സ്റ്റഡീസിൽ നടന്ന ഒന്നാം സെമസ്റ്റർ എം.ടി.ടി.എം. (റഗുലർ ആന്റ് സപ്ലിമെന്ററി - മാനേജ്മെന്റ് സയൻസ് - സി.എസ്.എസ്.) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

(പി.ആർ.ഒ./39/846/2019)

2019 ജനുവരിയിൽ സ്കൂൾ ഓഫ് ബയോസയൻസസിൽ നടന്ന ഒന്നാം സെമസ്റ്റർ എം.എസ്സി. മൈക്രോബയോളജി, ബയോടെക്നോളജി, ബയോകെമിസ്ട്രി, ബയോഫിസിക്സ് (സി.എസ്.എസ്.) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

(പി.ആർ.ഒ./39/847/2019)

2018 ജൂണിൽ നടന്ന രണ്ടാം സെമസ്റ്റർ എം.എ. മൃദംഗം (റഗുലർ, ഇംപ്രൂവ്മെന്റ്, സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും മെയ് 25 വരെ അപേക്ഷിക്കാം.

(പി.ആർ.ഒ./39/848/2019)

## പി.ജി. പ്രവേശനം; രജിസ്ട്രേഷൻ പോർട്ടൽ തുറന്നു

മഹാത്മാഗാന്ധി സർവകലാശാലയ്ക്കു കീഴിലുള്ള കോളജുകളിൽ വിവിധ ബിരുദാനന്തരബിരുദ പ്രോഗ്രാമുകളിലേക്കുള്ള പ്രവേശനത്തിനുള്ള ഓൺലൈൻ പോർട്ടൽ തുറന്നു. ഏകജാലക സംവിധാനത്തിലൂടെയാണ് മെരിറ്റ്, പട്ടികജാതി-വർഗ-എസ്.ഇ.ബി.സി.-ഇ.ബി.എഫ്.സി. സംവരണ സീറ്റുകളിലേക്ക് അലോട്ട്മെന്റ് നടക്കുക.

സർവകലാശാലയുടെ www.cap.mgu.ac.in എന്ന വെബ്സൈറ്റിലൂടെ ഓൺലൈനായാണ് രജിസ്റ്റർ ചെയ്യേണ്ടത്. മെയ് 25ന് ഉച്ച കഴിഞ്ഞ് രണ്ടുവരെ രജിസ്റ്റർ ചെയ്യാം. സ്പോർട്സ്, കൾച്ചറൽ ക്വാട്ട, ഭിന്നശേഷി വിഭാഗ സംവരണ സീറ്റുകളിലേക്ക് അപേക്ഷിക്കുന്നവർ മേയ് 22നകം ഓൺലൈനായി അപേക്ഷിക്കണം. ഇ-മെയിൽ: pgcap@mgu.ac.in.

(പി.ആർ.ഒ./39/849/2019)

**എ. അരുൺ കുമാർ**

പബ്ലിക് റിലേഷൻസ് ഓഫീസർ